"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-ഉരുൾപൊട്ടൽ ഭീഷണി നേരിടുന്ന ശ്രീ. ബാലൻ കാരോമ്മലിന്റെ കുടുംബത്തിനെ മാറ്റി പാർപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിഹിതം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്.) വകുപ്പ്**

സ.ഉ.(സാധാ) നം.505/2024/RD തീയതി,തിരുവനന്തപുരം, 08-02-2024

---

പരാമർശം:- 1) സ.ഉ.(സാധാ) നം.447/2023/ഡി.എം.ഡി. തീയതി 19.07.2023.
2) സ.ഉ.(സാധാ) നം.12/2024/ഡി.എം.ഡി. തീയതി 05.01.2024.

**ഉത്തരവ്**

പരാമർശം 1-ലെ ഉത്തരവ് പ്രകാരം ഉരുൾ പൊട്ടൽ ഭീഷണി നേരിടുന്ന ശ്രീ. ബാലൻ കാരോമ്മലിന്റെ കുടുംബത്തിനെ സ്ഥിരമായി മാറ്റിപാർപ്പിക്കുന്നതിനായി വസ്തു വാങ്ങി വീട് വെയ്ക്കുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധി വിഹിതമായി 1,01,900/- രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 8,98,100/- രൂപയും ചേർത്ത് ആകെ 10 ലക്ഷം രൂപ അനുവദിച്ചുത്തരവായിരുന്നു. സംസ്ഥാന ദുരന്ത പ്രതികരണ നിധി വിഹിതമായി 1,01,900/- രൂപക്കു പകരം പുതുക്കിയ നിരക്കിൽ 1,30,000/- രൂപ അനുവദിച്ച ഭേദഗതി വരുത്തി പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ, ഉരുൾ പൊട്ടൽ ഭീഷണി നേരിടുന്ന ശ്രീ. ബാലൻ കാരോമ്മലിന്റെ കുടുംബത്തിനെ സ്ഥിരമായി മാറ്റിപാർപ്പിക്കുന്നതിനായി വസ്തു വാങ്ങി വീട് വെയ്ക്കുന്നതിന് വസ്തു വാങ്ങുന്നതിനുള്ള 6 ലക്ഷം രൂപയും വീട് വക്കുന്നതിനുള്ള SDRF വിഹിതമായ 1,30,000/-രൂപ കിഴിച്ച മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതമായ 2,70,000/-രൂപയും ചേർത്ത് ആകെ 8,70,000/- രൂപ (എട്ട് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിതരണത്തിനാവശ്യമായ 8,70,000/-രൂപ (എട്ട് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ പ്രസ്തുത തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികൾ സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിറാണി കെ
ഡെപ്യൂട്ടി സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണഅതോറിറ്റി, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോഴിക്കോട്.

ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ
ദുരിതാശ്വാസനിധിയുടെ ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

വിവര പൊതുജന സമ്പർക്ക (web & new media) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

പകർപ്പ് :-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു.റവന്യൂ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

ദുരന്തനിവാരണ (എ) വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
V D Omana
Date: 08-02-2024 14:43:01

സെക്ഷൻ ഓഫീസർ